ചന സൗകര്യം എന്നിവയ്ക്ക് ഹെക്ടർ ഒന്നിന് 10,000/-രൂപ വീതം നൽകുന്നു. കൂടാതെ സസ്യസംരക്ഷണപ്രവർത്തനത്തിനുള്ള സ്പ്രെ വാങ്ങുന്നതിനു 800 രൂപയും നൽകുന്നു. ഓരോ ബ്ളോക്കിലും തെരഞ്ഞെടുത്ത ഒരു ഹരിത സംഘത്തിനു വിപണന കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾക്കായി 20,000/-രൂപയും നൽകുന്നു.

(ബി) 2911 പേർക്ക്

(സി) ഇല്ല

(ഡി) ചോദ്യം ഉദിക്കുന്നില്ല.

131 (1097) പ്ളാന്റേഷൻ കോർപ്പറേഷനിലെ തടി വിൽപ്പന

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മരം യഥാസമയം മുറിച്ചുമാറ്റാത്തതുകൊണ്ട് റീപ്ളാന്റിംഗിനുള്ള കാലതാമസം വഴി പ്ളാന്റേഷൻ കോർപ്പറേഷന് ഭാവിയിലുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷന് നഷ്ടം വരുത്തിയവരെ കണ്ടെത്തി നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(സി) കല്ലാല എസ്റ്റേറ്റിൽ 930 രൂപയ്ക്ക് വിളിച്ച മരം 230 രൂപയ്ക്ക് ഉറപ്പിച്ചുനൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ വില കുറച്ചു നൽകുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റീപ്ളാന്റിങ്ങിനുള്ള കാലതാമസം മൂലം പ്ളാന്റേഷൻ കോർപ്പറേഷന് ഭാവിയിലുണ്ടാകുന്ന നഷ്ടം കണക്കാക്കാൻ നിർവ്വാഹമില്ല

(ബി) ഉദിക്കുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

132(1098) അന്താരാഷ്ട്ര മാർക്കറ്റിന്റെ നിർമ്മാണം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ അനുവദിച്ച അന്താരാഷ്ട്ര മാർക്കറ്റിന്റെ പണി എന്നാണ് പുനരാരംഭിച്ചത്;

(ബി) ഇതുവരെ ഇതിനുവേണ്ടി എന്തുതുക ചെലവഴിച്ചു;

(സി) ഇപ്പോൾ പണി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പണി എന്നു പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) നെടുമങ്ങാട് അന്താരാഷ്ട്ര മാർക്കറ്റിന്റെ പണി 18.2.1999 ന് ആണ് പുനരാരംഭിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതേവരെ 312 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ വിവിധ ഘട്ടങ്ങളായി പുരോഗമിച്ചുവരുന്നു. ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങളുടെ അവസാന ഘട്ടത്തിലാണ്.

(ഡി) 31.8.1999 ന് പൂർത്തിയാക്കാനാണ് ഇപ്പോൾ ഉദ്ദേശിച്ചിട്ടുള്ളത്.

133 (1099) ഓയിൽ പാം ഓഫ് ഇന്ത്യയിലെ നിയമന രീതി

ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓയിൽ പാം ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിലെ സർക്കാർ മൂലധനം എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനത്തിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടിട്ടുണ്ടോ; എങ്കിൽ എപ്പോൾ മുതലാണെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥാപനത്തിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നു; തൊഴിലാളികളുടെയും ജീവനക്കാരുടെയും എണ്ണം ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ നിയമനരീതി എങ്ങനെയായിരുന്നു എന്നുവ്യക്തമാക്കുമോ;

(ഇ) ഈ സ്ഥാപനത്തിൽ ഇതിനുമുമ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്രപേരെ;

(എഫ്) ഇതിനുമുമ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമിച്ചപ്പോൾ പരീക്ഷ നടത്തിയിരുന്നുവോ; എങ്കിൽ ഏത് ഏജൻസിയാണ് പരീക്ഷ നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ജി) ഇപ്പോൾ 13 ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ നിയമനരീതി എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

(എച്ച്) ഇതു സംബന്ധമായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

ഉത്തരം

(എ) 1178.76 ലക്ഷം രൂപ. ഇതിൽ 499.29 ലക്ഷം രൂപ കേന്ദ്ര സർക്കാരിന്റെ മൂലധന നിക്ഷേപവും 679.47 ലക്ഷം രൂപ കേരള സർക്കാരിന്റെ മൂലധന നിക്ഷേപവുമാണ്.

(ബി) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഓയിൽ പാം ഓഫ് ഇന്ത്യയിൽ ഇപ്പോൾ 1020 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. തൊഴിലാളികളുടെയും ജീവനക്കാരുടെയും ഇനംതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തൊഴിലാളികൾ	-	852
സ്റ്റാഫ്	-	140
ഓഫീസേഴ്സ്	-	28

LIBRARY ARCHIVES Kerala Legislative Assembly